# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 401 — 03-03-2020 ലെ മറുപടിക്ക്

ചോദ്യം — മറുപടി

ശ്രീ. എ.പി. അനിൽ കുമാർ — ഡോ. ടി.എം. തോമസ് ഐസക്
ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

### 2020-21 വർഷത്തെ കേന്ദ്ര ബഡ്ജറ്റ്

| | | |
|---|---|---|
| (എ) | 2020-21 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തെ പൂർണ്ണമായും അവഗണിക്കുന്ന നിലപാടാണോ കേന്ദ്ര സർക്കാർ സ്വീകരിച്ചിരുന്നതെന്ന് അറിയിക്കാമോ ; | 2020-21 കേന്ദ്ര ബജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാരിന്റെ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് കേന്ദ്ര ധനകാര്യ മന്ത്രിക്ക് കത്ത് നൽകിയിരുന്നു.<br>1. കേരളത്തെ ബാധിച്ച പ്രളയത്തിന്റെ അടിസ്ഥാനത്തിലും GST കൗൺസിൽ പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സംസ്ഥാനങ്ങൾക്ക് പ്രത്യേക പരിഗണന നൽകണമെന്നു നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലും GST യ്ക്കു മേൽ സ്പെഷ്യൽ സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കുക.<br>2. Multilateral Agency കളിൽ നിന്നും എടുക്കുന്ന ലോണുകൾ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക.<br>3. സംസ്ഥാന സർക്കാർ റബ്ബർ കർഷകർക്ക് സബ്സിഡി നൽകി വരുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നിലവിലെ താങ്ങുവിലയായ കിലോയ്ക്ക് 150 രൂപ കേന്ദ്ര സഹായമായി 50 രൂപയോടു കൂടി 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുക കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കുക.<br>4. കണ്ണൂർ ജില്ലയിൽ ഒരു ആയുർവേദ അന്താരാഷ്ട്ര റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനായി തുക അനുവദിക്കുക.<br>5. 56,442 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള 531 കി.മീ ദൂരത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന അതിവേഗ റെയിൽവേ പാതയുമായി ബന്ധപ്പെട്ട് World Bank, ADB, JICA എന്നിവയിലേതെങ്കിലുമൊന്നിൽ നിന്നും ധനസമാഹരണം നടത്തുന്നതിനായി സംസ്ഥാനത്തിന് അനുമതി നൽകുക.<br>6. കോഴിക്കോട് സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള 200 ഏക്കർ സ്ഥലത്ത് AIIMS നു തുല്യമായൊരു മെഡിക്കൽ |

| | | |
|---|---|---|
| | | ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി ധനസഹായം അനുവദിക്കുക.<br>7. മലബാർ മേഖലയിലെ നിർദ്ധന കാൻസർ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന തലശ്ശേരിയിലെ മലബാർ കാൻസർ സെന്ററിനെ കേന്ദ്ര സർക്കാരിന്റെ Rashtriya Arogya Nidhi Programme ൽ ഉൾപ്പെടുത്തുക.<br>8. Cochin Shipyard, FACT, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് അധിക ധനനിക്ഷേപം നടത്തുക ഈ സ്ഥാപനങ്ങളിൽ സ്വകാര്യവത്കരണം അനുവദിക്കാതിരിക്കുക.<br><br>എന്നാൽ, സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ സംബന്ധിച്ച് 2020-21 ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇതിനു പുറമേ സംസ്ഥാനത്തിനു ലഭ്യമാകേണ്ട കേന്ദ്ര നികുതി വിഹിതത്തിലും ഗണ്യമായ കുറവാണ് കേന്ദ്ര ബഡ്ജറ്റിൽ വരുത്തിയിട്ടുള്ളത്. |
| (ബി) | മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏതൊക്കെ മേഖലകളിലാണ് കേരളത്തിന്റെ വിഹിതം കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | 2020-21 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ കോർപ്പറേഷൻ നികുതി, ആദായ നികുതി, കേന്ദ്ര ചരക്ക് സേവന നികുതി, കസ്റ്റംസ് തീരുവ, കേന്ദ്ര എക്സൈസ് തീരുവ എന്നീ ഇനങ്ങളിൽ 2019-2020 ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറവ് വരുത്തിയിട്ടുണ്ട്. |
| (സി) | കിഫ്ബി മുഖേനയുള്ള വായ്പയെടുപ്പിന് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം കേന്ദ്ര ബഡ്ജറ്റ് മുഖേന കൊണ്ടുവന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ ? | കിഫ്ബി മുഖേനയുള്ള വായ്പയെടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം കേന്ദ്ര ബഡ്ജറ്റ് മുഖേന കൊണ്ടുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sajeev

അക്കൗണ്ട്സ് ഓഫീസർ